"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി **2026-27**-കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം-പദ്ധതികൾക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

G.O.(Rt)No.34/2026/HSG തീയതി,തിരുവനന്തപുരം, 05-10-2026

---

പരാമർശം:- 1. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 01.08.2026-ലെ KESNIK/689/2025-OVSR2(TECH) നമ്പർ കത്ത്.

2. 18.08.2026-ൽ ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

2026-27-ലെ സംസ്ഥാന ബജറ്റിൽ 4216-80-190-95 എന്ന ശീർഷകത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി 1.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1. പുതിയ ടെസ്റ്റിംഗ് ലാബും പ്രൊഡക്ഷൻ യൂണിറ്റും സ്ഥാപിക്കൽ, നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും പ്രൊഡക്ഷൻ യൂണിറ്റുകളുടെയും നവീകരണം/പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റുകൾ

2. സ്വയം സുസ്ഥിരവും സംയോജിതവുമായ ഭവന പദ്ധതിയുടെ വികസനം

3. 3D പ്രിന്റിംഗ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ

2. 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ പരാമർ ശം ( 1 ) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കുകയും, പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. പദ്ധതി പ്രൊപ്പോസലുകൾ 18.08.2026-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും വ്യവസ്ഥകളോടു കൂടി രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നല്കുവാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

4 . മേൽ സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷം, 4216-80-190-95 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.60 കോടി രൂപയിൽ നിന്നും (ഒരു കോടി അറുപതു ലക്ഷം രൂപ മാത്രം) 1.10 കോടി രൂപ വിനിയോഗിച്ച്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുവടെ

ചേർ ക്കുന്ന രണ്ട് പദ്ധതികൾ, നിലവിലുള്ള പൊതു വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പുതിയ ടെസ്റ്റിംഗ് ലാബും പ്രൊഡക്ഷൻ യൂണിറ്റും സ്ഥാപിക്കൽ, നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും പ്രൊഡക്ഷൻ യൂണിറ്റുകളുടെയും നവീകരണം/പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റുകൾ | • Upgradation of existing production units-₹40 Lakhs<br>• Upgradation of existing 2 building material testing labs located at Thiruvananthpuram & Ernakulam for availing NABL Standards- ₹50 Lakhs<br>• Upgradation of other testing lab including lab renovation-₹6 lakhs<br>• Machinery Purchase of Testing Lab for availing NABL Accreditation- ₹4 Lakhs | 100 |
| 2 | സ്വയം സുസ്ഥിരവും സംയോജിതവുമായ ഭവന പദ്ധതിയുടെ വികസനം | Preliminary work of the project proposed to be initiated in Thrissur District - ₹10 Lakhs | 10<br>ഭൂമിയുടെ കൈവശാവകാശം ലഭ്യമായതിന് ശേഷം മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിന്മേൽ |
| | Total | | ₹110 ലക്ഷം |

1. പദ്ധതി നിർവ്വഹണത്തിന്റെയും ഫണ്ട് വിനിയോഗത്തിന്റെയും മേൽനോട്ടം നിർമ്മിതി കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനത്തിന്റെ ചുമതലയായിരിക്കും.

2. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല

3. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടുന്നതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

5. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

6. പദ്ധതി ചെലവുകൾ  ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ അധികരിക്കാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.

7. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

8. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല

9. ഈ പദ്ധതികളുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHIJA C G

ADDITIONAL SECRETARY

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഐ & പി. ആർ. (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnakumar S
Date: 06-10-2026
11:18:15

സെക്ഷൻ ഓഫീസർ